A3-9303/ 06

നഗരകാര്യ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 18/11/06.

**13-11-06 ൽ കനകകുന്ന് (മെയിൻ ഹാൾ), തിരുവനന്തപുരത്ത് വച്ച് നടന്ന നഗരവികസന വകുപ്പിന്റെ പ്ലാൻ റിവ്യു മീറ്റിംഗിന്റെ നടപടിക്കുറിപ്പ്**

സംസ്ഥാനത്തെ നഗരസഭകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള മാസം തോറുമുള്ള പ്ലാൻ റിവ്യൂ മീറ്റിംഗ് നവംബർ 13 ന് കനകകുന്ന് (മെയിൻ ഹാൾ), തിരുവനന്തപുരത്ത് വച്ചു നടന്നു. 20-10-06 ൽ നടന്ന അവലോകനത്തിനു ശേഷം നഗരസഭകകളുടെ വിവിധ പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതി ഉൾപ്പെടെയുള്ള വസ്തുതകൾ വിലയിരുത്തുകയും അവലോകനം ചെയ്യുകയുമായിരുന്നു പ്രധാന അജണ്ട. നഗരകാര്യ ഡയറക്ടർ ശ്രീ.എ.ഷാജഹാൻ.ഐ.എ.എസ് യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. നിശ്ചയിച്ച പ്രകാരം യോഗം രാവിലെ 9.55 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

## ആമുഖം

നഗരകാര്യ ഡയറക്ടർ ശ്രീ. എ. ഷാജഹാൻ. ഐ.എ.എസ് യോഗത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്ത് കഴിഞ്ഞ് 3 മീറ്റിംഗുകളിൽ പങ്കെടുത്ത നഗരസഭാ സെക്രട്ടറിമാർക്ക്, മീറ്റിംഗിൽ കൈക്കൊള്ളുന്ന തീരുമാനങ്ങളും പ്രധാനപ്പെട്ട മറ്റ് സംഗതികളും രേഖപ്പെടുത്തുന്നുതിന് നോട്ട്ബുക്ക് നൽകുന്നുവെന്നും ആയത് തുടർന്നുള്ള പി.ആർ.എം ലും, റീജിയണൽ മീറ്റിംഗിലും ഈ ബുക്ക് ഉപയോഗപ്പെടുത്തുന്നതിനും ഡയറക്ടർ ആവശ്യപ്പെട്ടു.

**<u>അജണ്ട</u>**

Item No.1

ശ്രീ.എ.ഷാജഹാൻ.ഐ.എ.എസ്, നഗരകാര്യ ഡയറക്ടർ

- നഗരസഭകളിൽ നിന്നും IKM ന് നൽകിയിട്ടുള്ള തുകയുടെ സമാഹൃത കണക്കുകൾ ഡയറക്ടർ അറിയിച്ചു. നഗരസഭകൾ IKM ൽ നിക്ഷേപിച്ചിട്ടുള്ള ഫണ്ടുകളുടെയും IKM ൽ നിന്നും നഗരസഭകൾക്ക് ലഭിച്ച സേവനങ്ങളുടെയും, IKM നൽകിയിട്ടുള്ള ചെലവിന്റെയും വിശദാംശങ്ങൽ ശേഖരിക്കുകയും IKM ന് വിവിധ പദ്ധതികൾ പ്രകാരം നൽകുന്ന തുകയുടെ കണക്കുകൾ ഉടൻ സെറ്റിൽ ചെയ്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണെന്ന് ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 30 ദിവസം)

- വിവരാവകാശ നിയമം 2005 സംബന്ധിച്ച KILA മുഖേന നടത്തിയ ട്രയിനിംഗിൽ ആലുവ, ഷൊർണ്ണൂർ നഗരസഭകളിൽ നിന്നും ആരും പങ്കെടുത്തില്ല എന്ന് അറിയിച്ചു. ജീവനക്കാർക്ക് ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് നൽകുന്ന ട്രയിനിംഗുകളിൽ എല്ലാവരും പങ്കെടുക്കേണ്ടതാണെന്ന് വ്യക്തമാക്കി. ഈ വീഴ്ചയുടെ കാരണങ്ങൾ ബന്ധപ്പെട്ട സെക്രട്ടറിമാർ വിശദമാക്കണം.

(നടപടി : ആലുവ, ഷൊർണ്ണൂർ സെക്രട്ടറിമാർ / സമയം : ഒരാഴ്ച്ച)

- നഗരസഭാ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉള്ള സംശയങ്ങളും ആശങ്കകളും അകറ്റേണ്ടതിന്റെ ആവശ്യകത അറിയിച്ചു. നഗരസഭകളിലെ ഓരോ ജീവനക്കാരും കൈകാര്യം ചെയ്യുന്ന വിഷയത്തെക്കുറിച്ചും ചുമതലയെ സംബന്ധിച്ചും പൂർണ്ണമായി ബോധവാനാ/ബോധവതിയാ യിരിക്കണം. നഗരസഭകളിലെ ജീവനക്കാർ കൈകാര്യം ചെയ്തു വരുന്ന വിഷയങ്ങളെക്കുറിച്ചുള്ള സമഗ്രമായ ഓഫീസ് ഓർഡർ തയ്യാറാക്കേണ്ടതും അത് പൊതുജനങ്ങളുടെ അറിവിനായി പരസ്യപ്പെടുത്തുന്നത് നന്നായിരിക്കും എന്നും യോഗത്തിൽ തീരുമാനിച്ചു.. ഈ

ഓഫീസ് നടപടി ക്രമത്തിന്റെ പകർപ്പ് തന്നെ നഗരസഭയുടെ അഡ്മിനിസ്ട്രേഷൻ ചാർട്ടും തയ്യാറാക്കി അടുത്ത മീറ്റീംഗിൽ ഹാജരാക്കണം.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 1 മാസം )

- ജീവനക്കാരുടെ സേവനമികവ് മെച്ചപ്പെടുത്തുന്നതിന് അവർക്ക് വിവിധ മേഖലകളിലും വിഷയങ്ങളിലും ട്രയിനിംഗ് അനിവാര്യമാണെന്ന് കോഴിക്കോട്, തലശ്ശേരി, അലപ്പുഴ, തൃശ്ശൂർ സെക്രട്ടറിമാർ ആവശ്യപ്പെട്ടു.

ഇക്കാര്യം സെക്രട്ടറിമാരോട് വിശദമായി പരിശോധിക്കാനും, ഏതെല്ലാം മേഖലകളിലും ഏതെല്ലാം വിഷയങ്ങളിലുമാണ് ജീവനക്കാർക്ക് ട്രയിനിംഗ് ആവശ്യമായിട്ടുള്ളത് എന്ന് അറിയിക്കുന്നതിനും ഡയറക്ടർ ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും / സമയം : 2 ആഴ്ച്ച )

- നഗരസഭകളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ വളരെ ശ്രദ്ധ പതിപ്പിക്കണമെന്നും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം, നഗരസഭകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട വിവിധ മേഖലകളിലുള്ള സേവനങ്ങൾ കൃത്യമായി നൽകപ്പെടുന്നുണ്ട് എന്നും, അതിൽ കൃത്യത ഉണ്ട് എന്നും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി ക്രമങ്ങൾ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 1 മാസം )

- നഗരസഭകളുടെ ഓഡിറ്റിംഗിൽ C&AG യും ലോക്കൽ ഫണ്ട് വകുപ്പും കണ്ടെത്തിയിട്ടുള്ള വിവിധ അപാകതകളെ ഡയറക്ടർ പരാമർശിച്ചു. നഗരസഭയ്ക്ക് കൈമാറി കിട്ടിയ വകുപ്പുകളുടെ Assets നഗരസഭകളുടെ ആസ്തികളുടെ കൂടെ കൂട്ടി ചേർക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും, നഗരസഭകൾക്ക് സ്ഥാപനങ്ങളുടെ അറ്റകുറ്റപണി നടത്തിവരുന്നതല്ലാതെ ഉടമസ്ഥാവകാശം മാറ്റുന്നതിനും സർക്കാർ നിർദ്ദേശം പരിശോധിച്ച് സെക്രട്ടറിമാർ നടപടി ക്കേണ്ടതാണെന്ന് സെക്രട്ടറിമാരോട് നിർദ്ദേശിച്ചു.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 1 മാസം )

- നഗരസഭകളുടെ Total Financial Manager നഗരസഭാ സെക്രട്ടറിമാർ

ആണെന്നും അവരുടെ ഈ വിഷയത്തിലെ ചുമതലകളും ഉത്തരവാദിത്വങ്ങളെക്കുറിച്ചും സെക്രട്ടറിമാർ കൂറേക്കൂടി ബോധവാൻ / ബോധവതികൾ ആവേണ്ടതുണ്ടെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

Item No.2 - RJD ഓഫീസുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ
ശ്രീ.ആർ.കെ.സത്യനാഥൻ , RJD , കോഴിക്കോട്.

- കോഴിക്കോട് മേഖലയിൽ പി.ആർ.എം 7–11–06 ൽ

നടത്തിയിട്ടുള്ളതായും ജോയിന്റ് ഡയറക്ടർ അറിയിച്ചു. നഗരസഭകൾക്ക് വിവിധ പദ്ധതികൾ പ്രകാരം ലഭിച്ചിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ചർച്ച ചെയ്യുകയും Development Funds നിശ്ചിത സമയത്തിനകം പൂർണ്ണമായി ചെലവഴിച്ചിരിക്കണമെന്നും നിർദ്ദേശിച്ചു.

(നടപടി : കണ്ണൂർ, മട്ടന്നൂർ, കൂത്തുപ്പറമ്പ്, വടകര, കൽപ്പറ്റ നഗരസഭാ
സെക്രട്ടറിമാർ)

- Maintenance Fund ചെലവിടുന്നതിൽ DPC യുടെ അംഗീകാരം

ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി നഗരസഭാ സെക്രട്ടറിമാർ ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം സർക്കാരിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

(നടപടി : DUA / സമയം : ഒരാഴ്ച്ച)

- നഗരസഭകളുടെ ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ ഓരോ

നഗരസഭകളും വ്യത്യസ്തമാണെന്നതിനാൽ ഈ ഏറ്റകുറച്ചിൽ സംബന്ധിച്ച ജോയിന്റ് ഡയറക്ടർമാർ വിശദമായ ഒരു അവലോകനം നടത്തി റിപ്പോർട്ട് നൽകുന്നതിനു ഡയറക്ടർ ആവശ്യപ്പെട്ടു.

(നടപടി : RJD Kollam, Kochi, Kozhikode / സമയം : 1 മാസം )

- നഗരസഭകളുടെ തനതു വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽ

നികുതി തുടങ്ങിയവയുടെ പിരിവിൽ കോഴിക്കോട് മേഖലയിൽ നഗരസഭകൾ നല്ല പെർഫോമെൻസ് കാഴ്ച വച്ചിട്ടുള്ളതായും, സാമൂഹ്യ സുരക്ഷ പെൻഷനുകൾ അലോട്ടുമെന്റ് ലഭിക്കുന്ന മുറയ്ക്ക നഗരസഭകളിൽ നിന്നും

അനുവദിച്ചു നൽകുന്നതായും RJD അറിയിച്ചു. - നികുതി പിരിവിന്റെ അവലോകന റിപ്പോർട്ട് വിശദമായി നൽകുക (RJD Kollam, Kochi, Kozhikode)

- നഗരപ്രദേശങ്ങലിൽ അനധികൃത അറവുശാലകൾ അനാരോഗ്യപരമായ ചുറ്റുപാടുകളിൽ പ്രവർത്തിച്ചു വരുന്നത് വളരെ ഗൗരവപൂർവ്വം കാണേണ്ട ഒരു വിഷയമാണെന്നും, ഇത് തടയുന്നതിനും Private Slaughtering ന് ലൈസൻസ് അനുവദിക്കുന്നതിന് വ്യവസ്ഥകൾ കൊണ്ട് വരുന്നതിനും അറവുശാലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനും, വെറ്റനറി ഡോക്ടറുടെയോ, empanelled വെറ്റനറി ഡോക്ടർമാരുടെയോ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിനും, ശുചിത്വം, സംസ്കരണം എന്നിവ കർശനമാക്കുന്നതിനും പൊതു നിരത്തുകളിൽ മൃഗ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് എതിരെ നടപടി സ്വീകരിക്കുന്നതിനും ഡയറക്ടർ ആവശ്യപ്പെട്ടു.. അറവുശാലയിൽ പ്രവർത്തിക്കുന്നവർക്ക് Uniform, Badge എന്നിവ ഉറപ്പു വരുത്തേണ്ടതാണെന്നും, ആധുനിക മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിമാരോട് ഡയറക്ടർ ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് ഓരോ നഗരസഭയും സ്വീകരിക്കുന്ന നടപടികൾ എന്തായിരിക്കണമെന്ന് യോഗത്തിൽ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും)

Item No. 3 – CTP ഓഫീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
ശ്രീ.ഈപ്പൻ വർഗ്ഗീസ്, CTP
ശ്രീമതി.സുധ,സീനിയർ ടൗൺപ്ലാനർ

- IDSMT പദ്ധതിയുടെ കാലാവധി മാർച്ച് 31 ന് അവസാനിക്കുന്ന താണെന്ന് CTP അറിയിച്ചു.

1. പൊന്നാനി
2. കളമശ്ശേരി
3. തൃപ്പൂണിത്തുറ
4. കാഞ്ഞങ്ങാട്
5. പയ്യന്നൂർ
6. ചിറ്റൂർ

7. മട്ടന്നൂർ
8. കൂത്തുപ്പറമ്പ
9. സൗത്ത് പരവൂർ
10. പെരിന്തൻമണ്ണ
11. അടൂർ

എന്നീ നഗരസഭകളുടെ ഇക്കാര്യത്തിലുള്ള പുരോഗതിയിൽ വളരെ പിന്നിലാണെന്നും, ലഭിച്ച ഫണ്ടിന്റെ 70% ചെലവ് ഡിസംബർ 31 ന് മുൻപായി കൈവരിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ഉദ്ദേശിച്ച പുരോഗതി കൈവരിക്കുന്നതിന് Daywise monitoring ആവശ്യമാണെന്നും CTP ചൂണ്ടിക്കാട്ടി.

(നടപടി : ടി 11 നഗരസഭാ സെക്രട്ടറിമാർ / സമയം : ആഴ്ച്ച തോറും പുരോഗതി റിപ്പോർട്ട് നൽകുക. (CTP, DUA & Secretary LSGD))

- കേന്ദ്ര സർക്കാരിനും ഇക്കാര്യത്തിൽ മാസം തോറും പ്രോഗ്രസ്സും, UCയും റിപ്പോർട്ട് നൽകേണ്ടതുണ്ടെന്നും പദ്ധതി ചെലവ് അടിയന്തിരമായി 70% എങ്കിലും വരുത്തേണ്ടതാണെന്നും feasible അല്ലാത്ത പ്രോജക്ടിന് അംഗീകാരം ലഭിക്കുന്നതല്ലായെന്നും CTP അറിയിച്ചു.

- UIDSSMT പദ്ധതിയിൻ കീഴിൽ നൽകിയിട്ടുള്ള പ്രോജക്ടുകളുടെ സൂക്ഷ്മപരിശോധനക്കായി ആറ്റിങ്ങൽ, നെയ്യാറ്റിൻകര, പുനലൂർ, ആലപ്പുഴ, പത്തനംതിട്ട, ചങ്ങനാശ്ശേരി, പെരുമ്പാവൂർ, പെരിന്തൽമണ്ണ, പയ്യന്നൂർ, ആലുവ എന്നിവർക്കായി കൺസൽറ്റേഷൻ നടത്തുന്നതിനും ചുവടെ പറയും പ്രകാരം തീയതി നിശ്ചയിച്ചു കൊണ്ട് CTP യെ അറിയിച്ചു.

PROGRAMME

UIDSSMT

Discussion / Consultation with CTP

| Sl. | Municipality | Date | Time |
|---|---|---|---|
| 1 | Attingal | 20-11-06 | 10.00 A.M |
| 2 | Neyyattinkara | 20-11-06 | 02.00 P.M |
| 3 | Punalur | 21-11-06 | 10.00 A.M |
| 4 | Alappuzha | 21-11-06 | 02.00 P.M |
| 5 | Pathanamthitta | 22-11-06 | 10.00 A.M |

| | | | |
|---|---|---|---|
| 6 | Changanassery | 22-11-06 | 02.00 P.M |
| 7 | Perumbavoor | 23-11-06 | 10.00 A.M |
| 8 | Aluva | 23-11-04 | 02.00 P.M |
| 9 | Perinthalmanna | 24-11-06 | 02.00 P.M |
| 10 | Payyannur | 24-11-06 | 10.00 A.M |
| 11 | North Parur | 29-11-06 | 10.00 A.M |

Item No. 4 – KSUDP സംബന്ധിച്ച വിഷയങ്ങൾ
ശ്രീ.ആനന്ദ് സിംഗ്.ഐ.എ.എസ്
പ്രോജക്ട് ഡയറക്ടർ, KSUDP.

- കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ ശ്രീ.എം.എ.ശ്രീധരൻ നായർ, തിരുവല്ല നഗരസഭ സെക്രട്ടറി ശ്രീമതി.റ്റി.സുധാദേവി എന്നിവർ മുനിസിപ്പൽ ഫിനാൻസ് സംബന്ധിച്ച തിരുവല്ല നഗരസഭയുടെ കഴിഞ്ഞ 9 വർഷത്തെ കണക്കുകൾ ആധാരമാക്കി തയ്യാറാക്കിയ വിശദമായ ഒരു പ്രസന്റേഷൻ, ചാർട്ടുകളും ഗ്രാഫുകളും സഹിതം അവതരിപ്പിച്ചു. നഗരസഭകളുടെ വരുമാനങ്ങളിലും, ചെലവുകളിലും വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ ഇനം തിരിച്ചു വിലയിരുത്തുകയും ചെയ്തു. ഈ മാതൃകയിൽ നഗരസഭകളുടെ കഴിഞ്ഞ 10 വർഷത്തെ ബഡ്ജറ്റ് രേഖകൾ പരിശോധിച്ച് ഓരോ സെക്രട്ടറിയും ഒരു പ്രസന്റേഷൻ തയ്യാറാക്കേണ്ടതും അത് അടുത്ത യോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

Item No. 5 - സെക്രട്ടറിയേറ്റിൽ നിന്നുള്ള വിഷയങ്ങൾ
ശ്രീ.കെ.പി.മാത്യു
ജോയിന്റ് സെക്രട്ടറി, LSGD

- നഗരസഭാ സെക്രട്ടറിമാരുടെ 17–08–2006 ൽ നടന്ന ആദ്യ പി.ആർ.എം ൽ നഗരസഭാ പ്രദേശങ്ങളിലെ ചേരി പ്രദേശങ്ങൾ കണ്ടെത്തി ലിസ്റ്റ് (2001 ലെ സെൻസസ് പ്രകാരം) ചെയ്ത് അറിയിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നതും, എന്നാൽ നിർദ്ദിഷ്ട പെർഫോർമയിൽ വിവരങ്ങൾ റിപ്പോർട്ട് ചെയ്യാത്ത നഗരസഭാ സെക്രട്ടറിമാർ ആയത് ഉടനെ റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യപ്പെട്ടു.

(നടപടി : നഗരസഭാ സെക്രട്ടറിമാർ / സമയം : 15 ദിവസം )

- വിവിധ വകുപ്പുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന Long Pending

Files തീർപ്പാക്കുന്നതിന് വേണ്ടി നവംബർ 2005 file disposal month മേൽ നടപടികൾ തുടരുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ നഗരകാര്യ ഡയറക്ടറേറ്റിലും, റീജിയണൽ ഓഫീസുകളിലും, നഗരസഭകളിലും pending ഫയലുകൾ തീർപ്പാക്കുന്നതിന് priority wise തിരിക്കുന്നതിനും ആവശ്യപ്പെട്ടു. (OP, LA Interpellation, Legislation Assembly Committee, C&AG Report, Audit para, Draft para, Inspection report, Pension establishment matters, General Issues vise)

(നടപടി : DUA, JD(A), RJD Kollam / Kochi / Kozhikode, All Municipal Secretaries / സമയം : 2006 നവംബർ 30ന് മുൻപ് )

- കേന്ദ്ര സർക്കാർ ഇന്ത്യയിലെ മുസ്ലിം സമുദായാംഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെപ്പറ്റി പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി ആവശ്യപ്പെട്ടിരുന്നത് പ്രകാരം നഗരസഭകളിലെ Muslim വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ employment details നഗരസഭകളിൽ നിന്നും ഉടൻ സർക്കാരിലേക്ക് അയച്ചു തരേണ്ടതാണെന്നും അറിയിച്ചു..

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 7 ദിവസം)

- നഗര ശുചീകരണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ അവസ്ഥ വെളിപ്പെടുത്തി Adv. Biju, കൊല്ലം Human Rights Commission ൽ നൽകിയിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെടുത്തുകയും ഇക്കാര്യത്തിൽ സർക്കാരിനുള്ള ഉത്തരവാദിത്വം ജോയിന്റ് സെക്രട്ടറി അറിയിച്ചു.

- എന്നാൽ ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് ആവശ്യമായ Gloves, Uniform, Gumboot എന്നിവ വാങ്ങി നൽകുന്നതിനു നഗരസഭാ സെക്രട്ടറിമാർ നേരിടുന്ന ബുദ്ധിമുട്ട് (Audit Objection) നഗരസഭാ സെക്രട്ടറിമാർ ചൂണ്ടിക്കാട്ടുകയും, പ്രസ്തുത സാധനങ്ങൾ വാങ്ങി ആവശ്യാനുസരണം നൽകുന്നതിന് നഗരസഭകൾക്ക് സ്വാതന്ത്ര്യം നൽകിയാൽ മാത്രമേ ഇക്കാര്യത്തിൽ പരിഹാരം കാണാൻ കഴിയുകയുള്ളു എന്ന് അറിയിക്കുകയും ചെയ്തു.

- മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയിസിന്റെ Salary Revision ഉത്തരവ്

പുറപ്പെടുവിക്കുന്നതോടൊപ്പം ഈ വിഷയം കൂടി പരിഗണിക്കുന്നതാണെന്ന് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

Item No. 6
ശ്രീ.മുഹമ്മദ് ഷെരീഫ്
RJD, Kochi.

- നഗരസഭകളുടെ നികുതി പിരിവ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും നഗരസഭ ഫണ്ടുകളുടെയും നിക്ഷേപം സംബന്ധിച്ചും സംസാരിച്ചു.

- കുന്നംകുളം നഗരസഭയിൽ Water Treatment Ozone Plant നിർമ്മിക്കുന്നതിന് ലഭിച്ച 28 ലക്ഷം രൂപ സെക്രട്ടറിമാരുടെയും കൺവീനറുടെയും (കോൺട്രാക്ടർ) പേരിൽ സ്ഥിര നിക്ഷേപം ചെയ്തിട്ടുള്ളത് നഗരകാര്യ ഡയറക്ടർ പരാമർശിക്കുകയും ചെയ്തു. നഗരസഭകളുടെ ഫണ്ട് എവിടെയെല്ലാം നിക്ഷേപിച്ചിരിക്കുന്നു എന്നത് സംബന്ധിച്ച് വ്യക്തമായ ധാരണ സെക്രട്ടറിമാർക്ക് ആവശ്യമാണെന്ന് ഡയറക്ടർ അറിയിച്ചു. Accrual based double entry system ആണ് ഇതിന് പരിഹാര മാർഗ്ഗം.

- എല്ലാ നഗരസഭകളിലെയും നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുന്നതിന് ഡയറക്ടർ ആവശ്യപ്പെട്ടു. (Bank A/c No, Branch, Balance as on 31.10.2006, F.D details, Cash Balance, Drafts, Other deposits etc. by mail)

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 15 ദിവസം )

**Item No. 7**

ശ്രീ.എം.കെ.പ്രസാദ്, എക്സിക്യൂട്ടീവ് ചെയർമാൻ, IKM

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2006–2007 വർഷത്തെ Plan Fund Expenditure details 5 ാം തീയതിക്കകം തന്നെ IKM website ൽ

ലഭ്യമാക്കേണ്ടതിനാൽ ഈ തീയതിക്കകം പ്രസതുത വിവരങ്ങൾ നഗരകാര്യ ഡയറക്ടറേറ്റിൽ എത്തിക്കണമെന്ന് ആവശ്യപ്പെട്ടു.

(നടപടി : നഗരസഭാ സെക്രട്ടറിമാർ / സമയം : എല്ലാ മാസവും
5–ാം തീയതി തോറും)

IKM ൽ നഗരസഭകൾ കഴിഞ്ഞ വർഷങ്ങളിലായി മൊത്തം 19.18 കോടി രൂപ വിവധ computerisation ആവശ്യങ്ങൾക്കായി നിക്ഷേപിച്ചിട്ടുള്ളതായി നഗരസഭകളിൽ നിന്നും ലഭ്യമായിട്ടുള്ള കണക്കുകൾ വ്യക്തമാക്കുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു) എന്നാൽ ടി തുകകളുടെ ചെലവു പത്രികയും വിനിയോഗ സാക്ഷ്യപത്രവും പൂർണ്ണമായി നഗരസഭകൾക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് സെക്രട്ടറിമാർ അറിയിച്ചു. ഇക്കാരണങ്ങളാൽ Audit ന് ഫലപ്രദമായി മറുപടി നൽകുന്നതിന് കഴിയാതെ വരുന്നതായും സെക്രട്ടറിമാർ അറിയിച്ചു.

ഈ സാഹചര്യത്തിൽ നിക്ഷേപിച്ച തുകയുടെ ചിലവു പത്രികയും വിനിയോഗ സർട്ടിഫിക്കറ്റ് അതാത് നഗരസഭകൾക്ക് IKM ലഭ്യമാക്കേണ്ടതാണ്.

(നടപടി : IKM / സമയം : 1 മാസം )

Item No. 8 - പൊതു വിഷയങ്ങൾ – നഗരവികസനം
ശ്രീ.റ്റി.കെ.ജോസ്.ഐ.എ.എസ്
ഗവൺമെന്റ് സെക്രട്ടറി

- Plan Fund Expenditure 10% താഴെയുള്ള നഗരസഭകളുടെ പ്രവർത്തനം സംബന്ധിച്ചു ആരായുകയും എല്ലാ നഗരസഭകളും 90% ചെലവ് ഫെബ്രുവരി 28, 2007 ൽ കൈവരിക്കുന്നതിന് തീവ്രശ്രമം നടത്തേണ്ടതുണ്ടെന്നും ഗവഃ സെക്രട്ടറി അറിയിച്ചു.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 3 മാസം)

- PWD ചീഫ് എഞ്ചിനിയർ പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് ടാർ വാങ്ങുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ ULB യ്ക്ക് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(നടപടി : Sectt - LSGD / സമയം : 1 ആഴ്ച്ച)

- DPC യുടെ അംഗീകാരം യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ സെക്രട്ടറിമാരും DUA യും സർക്കാരിനെ യഥാസമയം അറിയിച്ചാൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണെന്നും ഗവഃ സെക്രട്ടറി വ്യക്തമാക്കി.

- പൊതുമരാമത്ത് പ്രവർത്തികളിലും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളിലെയും ഉൾപ്പെട്ട നഗരസഭാ പ്രവർത്തനുവുമായി ബന്ധപ്പെട്ട നഗരസഭാ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ സംഗതികളിലെയും പ്രധാനപ്പെട്ട അടിസ്ഥാന വിവരങ്ങൾ നഗരസഭാ സെക്രട്ടറിമാർ കൂടി അറിഞ്ഞിരിക്കേണ്ട ആവശ്യകത ഗവഃ സെക്രട്ടറി എടുത്തു പറഞ്ഞു.

- പൊതുമരാമത്ത് പ്രവൃത്തികളിലും, നിർമ്മാണ മേഖലയിലും ഉള്ള നഗരസഭാ സെക്രട്ടറിമാരുടെ പരിചയം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കാലാകാലങ്ങളിലുള്ള PWD Schedule Rates ും Market Rate ും സെക്രട്ടറിമാർ അറിഞ്ഞിരിക്കേണ്ടതാണെന്നും അറിയിച്ചു. Construction work സംബന്ധമായ കാര്യങ്ങൾ ലളിതമാക്കി നഗരസഭാ സെക്രട്ടറിമാർക്ക് നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കണം എന്ന് DUA യോട് ആവശ്യപ്പെട്ടു.

തുടർന്ന് നഗരസഭ ഭരണം മെച്ചപ്പെടുന്നതിന് സെക്രട്ടറിമാർ സ്വീകരിക്കേണ്ട ചില മുൻഗണാ മേഖലകൾ ചൂണ്ടിക്കാണിച്ചു. അവഃ

(1) Resource Mobilisation : തനതു വരുമാനങ്ങൾ എങ്ങനെ വർദ്ധിപ്പിക്കാവുമെന്നും അതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ചും വിശദീകരിച്ചു.

നഗരസഭാ പ്രദേശങ്ങൾ കെട്ടിട നിർമ്മാണങ്ങൾ വളരെയധികം നടക്കുന്നുണ്ടെങ്കിലും അതിനനുസൃതമായി വസ്തു നികുതിയിൽ വർദ്ധനവ് വരാതെയിരിക്കുന്നതിന്റെ കാരണം പരിശോധിക്കേണ്ടതാണെന്നും അറിയിച്ചു. വസ്തു നികുതി നിശ്ചയിക്കുന്നതിൽ കൃത്യത പാലിക്കേണ്ടതാണെന്നും, Tax base broaden ചെയ്യുക, 100% assessment, min. 95% collection efficiency കൊണ്ടു വരിക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതു പോലെ തന്നെ വൈദ്യുതി, വെള്ളം എന്നീ മേഖലകളിൽ വരുന്ന ചിലവ് നിയന്ത്രിക്കുന്നത് വഴി നഗരസഭയുടെ ചെലവ് മോനിട്ടർ ചെയ്യുകയും wastage ഒഴിവാക്കുകയും വേണം. നഗരസഭകളുടെ കഴിഞ്ഞ 5 വർഷത്തെ ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാരോട് ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 15 ദിവസം)

(2) Solid Waste Management - ഉറവിടങ്ങളിൽ നിന്നു തന്നെ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുകയും, മണ്ണിൽ വീഴാതെ (no waste on ground) transport ചെയ്യുകയും സംസ്കരിക്കുകയും ചെയ്യുന്ന ഒരു ശീലം ഉണ്ടാവണം. പ്രവർത്തനത്തിലും, നടത്തിപ്പിലും സെക്രട്ടറിമാരുടെ പ്രതിദിന മേൽനോട്ടം ആവശ്യമാണെന്ന് അറിയിച്ചു.

(3) Management of mosquito / Vector / Rodent - കൊതുക്, എലി തുടങ്ങിയ ക്ഷുദ്രജീവികളുടെ കർശന നിയന്ത്രണം.

(4) Imporving the efficiency of office നഗരസഭകളിൽ മികച്ച പ്രവർത്തനം പൊതു ജനങ്ങൾക്ക് നൽകുന്നതിനുള്ള ചുമതല സെക്രട്ടറിമാർക്കാണെന്ന് ചൂണ്ടിക്കാട്ടി. മികച്ച സേവനം നൽകുന്നതിന് സ്വീകരിക്കാവുന്ന നടപടി ക്രമങ്ങൾ നഗരസഭാ സെക്രട്ടറിമാരോട് നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 1 മാസം)

(5) Quick reliable & polite service to public.

(6) Identify a central theme for development of ULB.

(7) Identify the most critical problem of the ULB.

(8) Clear the entire backlog administration / projects / pending files & issues.

(9) 100% plan expenditure by 28-02-07.

(10) Timely monitoring – ie, monitoring by the ULB Secetaries with a definite periodicily / interval.

- തുടർന്ന് നഗരസഭ പ്രദേശങ്ങളിൽ ആരോഗ്യപരമായ

ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാർ മുൻകൈ എടുക്കുന്നതിനും പകർച്ച വ്യാധികൾ പടരുന്നതിന്റെ മുഖ്യ ഘടകം കൊതുകിന്റെയും എലിയുടെയും ക്രമാധീതമായ വർദ്ധനവായതിനാൽ ഇക്കാര്യം പരിശോധിച്ച് പരിഹാരം കാണേണ്ടതിന്റെ ആവശ്യകത ഗവഃ സെക്രട്ടറി അറിയിച്ചു. ആയതിലേക്കായി per cubic / km ൽ ഉള്ള കൊതുകിന്റെ എണ്ണം എടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വിശദീകരിച്ചു. ഇക്കാര്യത്തിൽ ആരോഗ്യ വിഭാഗം / കോളേജ് / പ്ലസ് ടു / സ്കൂൾ തലത്തിലുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായ സഹകരണത്തോടെ നടപടി സ്വീകരിക്കുന്നതിനും 27–11–06 ൽ ഇക്കാര്യത്തിലുള്ള weekly report നൽകുന്നതിനും ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും / സമയം : 2 weeks )

- നഗരസഭകളിൽ അക്കൗണ്ട്സ് വിഭാഗത്തിൽ ജോലി ചെയ്യുന്നവരുടെ

Biodata ആവശ്യപ്പെട്ടിരുന്നത് പ്രകാരം എല്ലാ നഗരസഭകളിലും നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ഉടനെ അറിയിക്കുന്നതിനു ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭ സെക്രട്ടറിമാരും / സമയം : )

- എഞ്ചിനിയറിംഗ് വിഭാഗത്തിൽ കോർപ്പറേഷൻ എഞ്ചിനിയർ മുതൽ

വർക്ക് സൂപ്രണ്ട് വരെയുള്ള ജീവനക്കാരുടെ Biodata DUA office ൽ ശേഖരിച്ച് database ആക്കി സൂക്ഷിക്കുന്നതിന് ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭ സെക്രട്ടറിമാരും / സമയം : 15 ദിവസം )

- ശ്രീ.ആനന്ദ്സിംഗ്.ഐ.എ.എസ്, പ്രോജക്ട് ഡയറക്ടർ, KSUDP Item

No.4 ായി അവതരിപ്പിച്ച Budget presentation എല്ലാ നഗരസഭാ സെക്രട്ടറിമാരും തയ്യാറാക്കി അയച്ചു തരുന്നതിനും ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭ സെക്രട്ടറിമാരും / സമയം : 15 ദിവസം )

Item No. 9 – KURDFC സംബന്ധിച്ച വിഷയങ്ങൾ
ശ്രീ.പി.എം.മുഹമ്മദ് അലി
മാനേജിംഗ് ഡയറക്ടർ
KURDFC

- KURDFC, HUDCO ലേക്ക് ഒടുക്കേണ്ട തുക സംബന്ധിച്ച് കഴിഞ്ഞ മീറ്റിംഗിൽ വിശദമാക്കിയിരുന്നെങ്കിലും, ചില നഗരസഭകൾ വായ്പ തിരിച്ചടവ് നടത്തിയിട്ടില്ലാത്തതിനാൽ റവന്യു റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടി വരുന്നതായി അറിയിച്ചു. റിക്കവറി തുടങ്ങിയ നടപടികൾ ഒഴിവാക്കുന്നതിന് നഗരസഭാ സെക്രട്ടറിമാർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(നടപടി : കുടിശ്ശിഖയുള്ള എല്ലാ നഗരസഭാ സെക്രട്ടറിമാർ/സമയം : 1 മാസം )

- KURDFC സംസ്ഥാനത്തെ ഓരോ ജില്ലയിലും 1 കോടി രൂപ വീതം നഗരസഭകൾക്ക്, 1 കോടി രൂപ വീതം ഗ്രാമപഞ്ചായത്തുകൾക്കും നല്ല പ്രോജക്ടുകൾക്ക് വായ്പ അനുവദിക്കുന്നതിന് KUDFC ബോർഡ് യോഗം തീരുമാനിച്ചിട്ടുള്ളതിനാൽ, നഗരസഭകൾ Loan proposal സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടു.

Item No. 10 - ധനകാര്യ വിഭാഗം – DUA
ശ്രീ.ബി.മുരളീധരൻ
ഫൈനാൻസ് ഓഫീസർ , DUA

- റിട്ടയർ ചെയ്ത ജീവനക്കാരുടെ NLC തയ്യാറാക്കുന്നത് സംബന്ധിച്ച സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടു. (G.O(p) 185/2002/Fin. dt 27.03.02) മേൽ ഉത്തരവിന്റെ പകർപ്പുകൾ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ഉടനടി ലഭ്യമാക്കുന്നതാണ്. അതനുസരിച്ച് റിട്ടയർ ചെയ്യുന്നതിന് മുൻപുള്ള 3 വർഷത്തെ ബാധ്യത മാത്രമേ പെൻഷൻ ആനുകൂല്യങ്ങൾക്ക് തിട്ടപ്പെടുത്തേണ്ടതുള്ളു. 19–10–2006 ലെ 42644/A3/2006/LSGD കത്ത് പ്രകാരം മേൽ സർക്കാർ ഉത്തരവ് മുനിസിപ്പൽ കോമൺ സർവ്വീസിനും ബാധകമാണെന്ന് സർക്കാർ വ്യക്തമാക്കിയുട്ടുണ്ട്. അതനുസരിച്ച് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു.

ഇതനുസരിച്ച് പെൻഡിംഗ് നിൽക്കുന്ന NLC കൾ രണ്ടാഴ്ച്ചയ്ക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ അയച്ചു തരേണ്ടതാണ്.

(നടപടി : ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ / സമയം : രണ്ടാഴ്ച്ച )

- ഏപ്രിൽ 1–ാം തീയതി വച്ച് വായ്പാ പത്രികൾ ചുവടെ പറയുന്ന നഗരസഭകൾ നൽകിയിട്ടില്ലെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു. അവ 25.11.06 ന് നല്കേണ്ടതാണ്.

| Name of Urban Local Body | | | |
|---|---|---|---|
| Kollam | Varkala | Nedumangad | Neyyattinkara |
| South Paravoor | Punalur | Thiruvalla | Chengannur |
| Cherthala | Kayamkulam | Alappuzha | Kottayam |
| Kalamassery | Angamaly | Thripunithura | Muvattupuzha |
| North Paravoor | Guruvayoor | Kodungalloor | Chalakkudy |
| Irinjalakkuda | Ottappalam | Shornur | Palakkad |
| Perinthalmanna | Ponnani | Tirur | Malappuram |
| Vadakara | Koyilandy | Thaliparambu | Thalassery |
| Kannur | Kanhangad | | |

1–04–06 ലെ കൂടാതെ 1–10–2006 തീയതി വച്ചുള്ള കണക്കുകൾ കുടി എല്ലാ നഗരസഭാ സെക്രട്ടറിമാരും 30–11–06 ന് മുൻപ് നൽകേണ്ടതാണെന്ന് അറിയിച്ചു.

(നടപടി : ടി സെക്രട്ടറിമാർ / സമയം : രണ്ടാഴ്ച്ച )

Maintenance Grant, General Purpose Grant എന്നിവയുടെ ഒക്ടോബർ 2006 ലെ ഒരു ഗഡു എല്ലാ നഗരസഭകൾക്കും നൽകിയിട്ടുള്ള വിവരം അറിയ്ച്ചു. അതനുസരിച്ച് അലോട്ട്മെന്റ് ലെറ്റർ ലഭിക്കാത്തവർ ഫൈനാൻസ് ഓഫീസറുമായി ബന്ധപ്പെടുന്നതിന് ആവശ്യപ്പട്ടു.

നഗരസഭാ സെക്രട്ടറിമാരുടെ പേരിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് സർചാർജ്ജ് മുഖേന ചുമത്തുന്ന ബാധ്യതകൾ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. നഗരസഭാ സെക്രട്ടറിമാരുടെ അഭിപ്രായങ്ങളും നിലവിലുള്ള ചട്ടങ്ങളും പരിശോധിച്ചു. ഇക്കാര്യത്തിൽ സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.

(നടപടി : FO, DUA)

- നഗരകാര്യ ഡയറക്ടറുടെ C2-5131/06 തീയതി 16-05-06 നമ്പരായി, പ്രത്യേക ഉദ്ദേശങ്ങൾക്കുള്ള ഗ്രാന്റിന് വേണ്ടി (കൊതുക് നിവാരണം – മാതൃശിശു സംരക്ഷണം – നഴ്സറിസ്കൂൾ) എന്നിവയ്ക്ക് നഗരസഭകൾ 2005–06 വർഷം ചെലവ് ചെയ്ത തുകയുടെ വിവരങ്ങൾ ആവശ്യപ്പെട്ടത് താഴെ എഴുതിയിരിക്കുന്ന നഗരസഭകൾ നൽകിയിട്ടില്ല.

| **SPECIFIC PURPOSE GRANT** | |
|---|---|
| **Sl.** | **Name of Urban Local Body** |
| 1 | Nedumangad |
| 2 | Paravoor |
| 3 | Chengannur |
| 4 | Cherthala |
| 5 | Kayamkulam |
| 6 | Kalamassery |
| 7 | Muvattupuzha |
| 8 | Chavakkad |
| 9 | Irinjalakkuda |
| 10 | Ottappalam |
| 11 | Shornur |
| 12 | Perinthalmanna |
| 13 | Kalpetta |
| 14 | Mattannur |
| 15 | Kannur |
| 16 | Kanhangad |
| 17 | Kozhikode |
| 18 | Kollam |
| 19 | Thrissur |

ആയത് 30–11–06 നകം നൽകേണ്ടതാണ്.

- സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും 2001–02 വർഷം നഗരസഭകൾക്ക് ബാലികാസമൃദ്ധി യോജന പദ്ധതി വിഹിതം ചുവടെ പറയുന്ന നഗരസഭകൾക്ക് അനുവദിച്ചിരുന്നു. ലിസ്റ്റ് കാണുക. ടി തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഒരാഴ്ച്ചയ്ക്കകം നഗരകാര്യ ഡയറക്ടർക്ക് നൽകേണ്ടതാണ്. വിനിയോഗിക്കാത്ത തുകയ്ക്കുള്ള ഡി.ഡി യും (സാമൂഹ്യക്ഷേമ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്നത്) ഒരാഴ്ച്ചയ്ക്കകം തന്നെ ലഭ്യമാക്കേണ്ടതാണ് (നഗരകാര്യ ഡയറക്ടറുടെ ഫയൽ നം–എ1–14582/06).

| Sl. No. | Name of Urban Local Body | U.C required for (Amount) |
|---|---|---|
| 1 | Thiruvananthapuram | 142500 |
| 2 | Kollam | 130000 |
| 3 | Koyilandy | 40000 |
| 4 | Punalur | 32500 |
| 5 | Muvattupuzha | 27500 |
| 6 | Neyyattinkara | 20000 |
| 7 | Kayamkulam | 20000 |
| 8 | Thripunithura | 15000 |
| 9 | Kottayam | 12500 |
| 10 | Changanassery | 12500 |
| 11 | Malappuram | 12500 |
| 12 | Kannur | 12500 |
| 13 | Vaikkom | 10000 |
| 14 | Kalamassery | 7500 |
| 15 | Pala | 5000 |
| 16 | Aluva | 5000 |
| 17 | Tirur | 5000 |
| 18 | Shornur | 3000 |
| 19 | Thalassery | 3000 |
| 20 | Guruvayur | 2500 |
| 21 | Perinthalmanna | 2500 |
| | **TOTAL** | **521000** |

(നടപടി : എല്ലാ നഗരസഭ സെക്രട്ടറിമാരും / സമയം : ഒരാഴ്ച്ച )

Item No. 11 - Provident Fund
ശ്രീമതി. മറിയാമ്മ മാത്യു
Provident Fund Officer, DUA.

- പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ കൃത്യമായി ഒടുക്കുന്നതിന്

സെക്രട്ടറിമാരോട് ആവശ്യപ്പെട്ടു

(നടപടി : എല്ലാ നഗരസഭ സെക്രട്ടറിമാരും / സമയം : 15 ദിവസം )

Item No. 12 - Pension
ശ്രീ.മുഹമ്മദ് നരോത്ത്
Pension Officer, DUA

- പെൻഷൻ കോൺട്രിബ്യൂഷൻ CVP എന്നിവ ഒടുക്കുന്നതിന് വീഴ്ച്ച വരുത്തിയിട്ടുള്ള നഗരസഭകൾ ആയത് എത്രയും വേഗം ഒടുക്കേണ്ടതാണെന്നും, റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ പേപ്പറുകൾ NLC എന്നിവ യഥാസമയം അയച്ചു തരുന്നതിനും ആവശ്യപ്പെട്ടു.

(നടപടി : എല്ലാ നഗരസഭ സെക്രട്ടറിമാരും / സമയം : 15 ദിവസം )

- കേരളപ്പിറവിയുടെ 50 ാം വാർഷിതത്തോടനുബന്ധിച്ച് നഗരസഭകൾ സ്മാരകമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതും, നഗരസഭകളുടെ Development theme, Core problem എന്നിവ സംബന്ധിച്ചും നഗരസഭാ സെക്രട്ടറിമാരിൽ നിന്നും വിശദാംശങ്ങൾ ശേഖരിക്കുകയും അഭിപ്രായം ആരായുകയും ചെയ്തു.

## Decision

(1) നഗരസഭകളിലെ ഒരോ സെക്ഷനിലെ പ്രവർത്തനുവുമായി ബന്ധപ്പെട്ട ഓഫീസ് ഓർഡറും നഗരസഭയുടെ അഡ്മിനിസ്ട്രേഷൻ ചാർട്ടും തയ്യാറാക്കണം.

(2) നഗരസഭയ്ക്ക് കൈമാറി കിട്ടിയ വകുപ്പുകളുടെ ആസ്തികൾ നഗരസഭകളുടെ ആസ്തിയുമായി കൂട്ടിച്ചേർക്കേണ്ടതാണ്.

(3) വികസന ഫണ്ടിന്റെ ഒക്ടോബർ 31–വരെയുള്ള ചെലവിന്റെ കണക്കുകൾ തയ്യാറാക്കി അയച്ചു തരണം.

(4) നഗരസഭാ പ്രദേശങ്ങളിലെ ചേരി പ്രദേശം identify ചെയ്തിട്ടില്ലാത്ത നഗരസഭകൾ അത് ഉടനെ identify ചെയ്ത് അറിയിക്കേണ്ടതാണ്.

(5) പെൻഡിംഗ് ഫയൽസ് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

(6) നഗരസഭകളിലെ നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൽ സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(7) Plan Fund Expenditure Statement എല്ലാ മാസവും 15,30 എന്നീ തീയതികളിലെ ചെലവിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

(8) നഗരസഭാ പ്രദേശത്തെ per cubic / km ഉള്ള കൊതുകിന്റെ സാന്ദ്രത തിട്ടപ്പെടുത്തി അറിയിക്കേണ്ടതാണ്.

(9) നഗരസഭകളിലെ എഞ്ചിനിയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ ബയോഡേറ്റ അറിയിക്കേണ്ടതാണ്.

(10) Budget Presentation(with graph) തയ്യാറാക്കി അയച്ചു തരേണ്ടതാണ്.

(11) വായ്പാ പത്രിക നഗരസഭാ സെക്രട്ടറിമാർ അയച്ചു തരേണ്ടതാണ്.

## Conclusion

യോഗം വൈകുന്നേരം 6.40 ന് അവസാനിച്ചു.

**ശ്രീ.ടി.കെ.ജോസ്. ഐ.എ.എസ്**
ഗവഃ സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്

**ശ്രീ. എ.ഷാജഹാൻ. ഐ.എ.എസ്**
നഗരകാര്യ ഡയറക്ടർ

**അനുബന്ധം 1**

യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ്

| | |
|---|---|
| 1. ശ്രീ. ആനന്ദ് സിംഗ്.ഐ.എ.എസ് | – പ്രോജക്ട് ഡയറക്ടർ, KSUDP. |
| 2. ശ്രീ. കെ.പി.മാത്യു | – ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്. |
| 3. ഡോ. സലിം | – ഡയറക്ടർ, ക്ലീൻ കേരള മിഷൻ. |
| 4. ശ്രീ. പി.എം. മുഹമ്മദ് അലി | – മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി.. |
| 5. ശ്രീ.ഈപ്പൻ വർഗ്ഗീസ് | – ചീഫ് ടൗൺ പ്ലാനർ, ടൗൺപ്ലാനിംഗ് വകുപ്പ്. |
| 6. ശ്രീമതി. സുധ | – ടൗൺ പ്ലാനർ, ചീഫ് ടൗൺപ്ലാനിംഗ് വകുപ്പ്. |
| 7. ശ്രീ.എം.കെ.പ്രസാദ് | – എക്സിക്യൂട്ടീവ് ചെയർമാൻ, IKM. |
| 8. ശ്രീ. എം.ആർ.അഭിലാഷ് | – ജോയിന്റ് ഡയറക്ടർ (ഭരണം), O/o the DUA. |
| 9. ശ്രീ. എം.എ.ശ്രീധരൻ നായർ | – റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം. |
| 10. ശ്രീ. മുഹമ്മദ് ഷെരീഫ് | – റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി. |

11. ശ്രീ. ആർ.കെ.സത്യനാഥൻ – റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.

12. ശ്രീ. ബി.മുരളീധരൻ – ഫൈനാൻസ് ഓഫീസർ, O/o the DUA.

13. ശ്രീ. എ.നിസാമുദ്ദീൻ – ലോ ഓഫീസർ, O/o the DUA.

14. ശ്രീ. മുഹമ്മദ് നരോത്ത് – പെൻഷൻ ഓഫീസർ, O/o the DUA.

15. ശ്രീമതി. സി.വത്സലാദേവി – അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് O/o the DUA.

## Name of Municipal / Corporation Secretaries

### Regional Office

| Sl. No | | Name | Mobile No | Email ID |
|---|---|---|---|---|
| 1 | RJDUA, Kollam | M.A.Sreedharan Nair | 9446425234 | duarklm@gmail.com |
| 2 | RJDUA, Kochi | C.M.Muhammed Sheriff | 9447937971 | duarkochi@gmail.com |
| 3 | RJDUA, Kozhikode | R.K.Sathyanathan | 9847252934 | duarkkd@gmail.com |
| | | **Corporation** | | |
| 1 | Thiruvananthapuram | represented by K.ReghuKumar, Dy.Secretary | 9447778557 | tvmcorpn@dataone.in |
| 2 | Kochi | represented by Dy.Secretary | 9387761833 | kochicorpsecretary@gmail.com |
| 3 | Kollam | A.K.Sasikala | 9446544192 | secretarykollam@gmail.com |
| 4 | Thrissur | P.M.Devarajan | 9847724734 | secretary@corporationofthrissur.org |
| 5 | Kozhikode | P.Venugopal | 9446373522 | calicut_corporation@rediffmail.com |
| | | **Ist Grade Municipalities** | | |
| 1 | Alappuzha | T.Santhosh | 9447214399 | alpmuncipality@dataone.in |
| 2 | Changanassery | C.Radhakrishna Kurup | 9447556949 | secretary_changanassery188@yahoo.co.in |
| 3 | Kottayam | Sabeena Paul | 9847528666 | ktmmlty@dataone.in |
| 4 | Thiruvalla | T.Sudhadevi | 9349150337 | secretarytvla@yahoo.com |
| 5 | Aluva | P.V.Jyothi | 9446569930 | aluvamunicipaloffice@yahoo.com |
| 6 | Perumbavoor | K.V.Vijayakumar | 9446023043 | secretary_pbvr@yahoo.com |
| 7 | Tirur | Kunhi Mohammed | 9446515233 | tirmunicipality@dataone.in |
| 8 | Kannur | B.Indrabalan Pillai | 9847940800 | munofknr@dataone.in |
| 9 | Vadakara | S.Vijayakumar | 9447430808 | secretaryvatakara@yahoo.co.in |
| 10 | Palakkad | Baby Antony | 9846849557 | secretarypalakkadmunicipality@rediffmail.com |
| 11 | Thalassery | Johny Sebastian | 9447054572 | sectmctly@dataone.in |
| 12 | Kasaragod | George Vallakkalil | 9446051557 | secretaryksdkmc@yahoo.co.in |

| | | | | |
|---|---|---|---|---|
| **IInd Grade Municipalities** | | | | |
| 1 | Neyyattinkara | Binu Francis | 9447303769 | sey_nta@yahoo.com |
| 2 | Attingal | M.Nizarudeen | 9447320755 | secretaryattl@yahoo.com |
| 3 | Punalur | represented by H.S I/C | | secypnlr@rediffmail.com |
| 4 | Pathanamthitta | N.Santhoshkumar | 9446397212 | pttamunc@rediffmail.com |
| 5 | Kayamkulam | R.Sudheer Raj | 9447857824 | **kylmmplsecretary@yahoo.co.in** |
| 6 | Cherthala | K.Harikumar | 9947264804 | secretarycmc@dataone.in |
| 7 | Palai | K.Sudheer | 9447807030 | musecpala@dataone.in |
| 8 | Thodupuzha | N.Lalu | 9446441104 | munsectdpa@dataone.in |
| 9 | Kothamangalam | Dr. Samji David | 9447349131 | sec_kothamangalam@yahoo.co.in |
| 10 | Muvattupuzha | V.R.Raju | 9447413433 | muvattupuzhamunicipality@yahoo.com |
| 11 | Kunnamkulam | N.Vijayakumar | 9495507539 | kunnamkulam_sec@yahoo.com |
| 12 | North Paravoor | C.Vijayamohanan | 9447439102 | secretarynorthparavoor@gmail.com |
| 13 | Thripunithura | G.Padmakumar | 9446480585 | musectripunithura@gmail.com |
| 14 | Angamaly | V.V.Sathyavan | 9446217842 | secretaryagly@yahoo.com |
| 15 | Chalakkudy | P.Sudhakaran | 9847152499 | secretarycmcchalakudy@yahoo.com |
| 16 | Irinjalakkuda | P.G.Gopi | 9349858538 | secretaryijk@gmail.com |
| 17 | Kodungalloor | K.V.S.Sivan | 9495331564 | kvssivan@rediffmail.com |
| 18 | Shoranur | R.Lalu | 9447638886 | secretaryshoranurnagarasabha@yahoo.com |
| 19 | Malappuram | represented by Supdt. I/C | 9447878805 | mlpm_munci@yahoo.co.in |
| 20 | Perinthalmanna | K.S.Lalithambika | 9847471444 | **perinthalmannamunicipality@yahoo.co.in** |
| 21 | Manjeri | K.M.Basheer | 9447209079 | musecmanjeri@gmail.com |
| 22 | Kanhangad | B.K.Balraj | 94476735 | knhd_mlty@dataone.in |
| **IIIrd Grade Municipalities** | | | | |
| 1 | Nedumangad | A.S.Anuja | 9495202424 | asanuja@gmail.com |
| 2 | Varkala | S.Meenakumari | 9387801926 | secyvarkala@yahoo.co.in |
| 3 | South Paravoor | G.Rajendran Nair | | secyparavur@rediffmail.com |
| 4 | Adoor | **Vacant** | | secyadr@dataone.in |
| 5 | Mavelikkara | B.Sreekumar | 9447687903 | secmunicipalitymvk@fastmail.cn |
| 6 | Chengannur | K.Premachandran | 9446317523 | seccgnrmlty@yahoo.co.in |
| 7 | Vaikom | P.A.Pius | 9447282309 | munsecvkm@yahoo.co.in |
| 8 | Kalamassery | G.Sudhakaran | 9446443202 | seckalamassery@yahoo.co.in |
| 9 | Chavakkadu | **Vacant** | | chavakkadsecretary@gmail.com |
| 10 | Guruvayur | C.C.Sasidharan | 9847210068 | gvrmunsec@hotmail.com |
| 11 | Chittoor- Thathamangalam | Raghu Raman | | secretary.chittur@rediffmail.com |
| 12 | Ottappalam | P.Vijayan | 9447654535 | otplmuncsec@gmail.com |
| 13 | Ponnani | V.K.Rajan | 9447516521 | secyponnani@rediffmail.com |
| 14 | Kalpetta | K.N.Krishnankutty | 9446392799 | kalpettamunicipality@yahoo.co.in |
| 15 | Payyannur | Arun Rangan | | secypynr@gmail.com |

| | | | | |
|---|---|---|---|---|
| 16 | Kuthuparambu | K.P.Vinayan | 9447690796 | kpbamly@rediffmail.com |
| 17 | Thaliparambu | P.Radhakrishnan | 9447964037 | secthaliparamba@rediffmail.com |
| 18 | Koilandy | Ajesh.T.G | 9446822566 | secretarykldy@rediffmail.com |
| 19 | Mattannur | P.K.Radhamohan | 9447360258 | munofmtnr@yahoo.co.in |

**Secretary - Trainee**

| | | |
|---|---|---|
| 1 | A.C.Kuriakose | 9447415172 |
| 2 | Anees.P.K | 9447678476 |

**അനുബന്ധം 3**

**Legal Section**
**List of cases pending without receiving report/statement of facts from various Municipalities**

| Sl | File No | Case No | Name of Petitioner | Subject |
|---|---|---|---|---|
| **Chengannur** | | | | |
| 1 | L-3576/02 | OP No. 4032/02 | V Gopalan & Others | Recategorise the petitioners as sanitation workers |
| **Changanassery** | | | | |
| 1 | L-16701/03 | WP(c). 7677/03 | Smt. Pathumma @ Kunhumol | For Family Pension |
| **Tirur** | | | | |
| 1 | L-11160/04 | WP(c) 16314/04 | Moideenkutty | Performance Audit |
| **Aluva** | | | | |
| 1 | L-11894/04 | WP(c) 10432/03 | M.N.Venugopal | Disciplinary Action |
| **Thodupuzha** | | | | |
| 1 | L-6037/04 | WP(c) 8883/04 | T.K.Sudhakaran Nair | Misutilisation of Plan Fund |
| **Payyannur** | | | | |
| 1 | L-226/06 | WP(c) 35849/05 | S.K.Vijayan | Disbursement of pensionary claims |
| **Alappuzha** | | | | |
| 1 | L-18783/04 | WP(c) 30567/04 | Sarojini & 2 Others | Contingent employees - Disburse the arrear pension |
| 2 | L-4207/04 | WP(c) 25060/03 | C.A.Rosamma | Appointment in compassionate scheme |
| 3 | L-7375/04 | WP(c) 20913/02 | Prasanna & Others | Judgement complaince |

| | | | | |
|---|---|---|---|---|
| 4 | L-1268/05 | WP(c) 33628/06 | P.A.Mariamma | Sanitation Worker - Pensionary Benefits |
| **Muvattupuzha** | | | | |
| 1 | L-7372/04 | WP(c) 24136/04 | A.M.Salam | Remove the unauthorised & illegal structures in front of the shop |
| **Kochi** | | | | |
| 1 | L-18112/03 | WP(c). 12889/03 | A. Mary | Pensionary benefit to the legal heirs (judgement implementation) |
| **Kollam** | | | | |
| 1 | L-25872/03 | WP(c) 37857/03 | Sasidharan & Others | Against the order in RC 13/03 of State Election Commission |
| **Thiruvananthapuram** | | | | |
| 1 | L-13559/05 | W.A 53/02 | Parukkutti Amma | For Family Pension |

## അനുബന്ധം 4

മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാൽ നടപടി എടുക്കാത്ത ഫയലുകളുടെ വിവരം

**മേഖല ജോയിന്റ് ഡയറക്ടർ ഓഫീസ് – കൊല്ലം**

1. L-2218/05 – ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി മുനിസിപ്പൽ സ്വത്ത് ദുർവിനിയോഗം സംബന്ധിച്ച് കൗൺസിലർമാരുടെ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാത്തത്– സംബന്ധിച്ച്.
2. L-5855/05 – ചങ്ങനാശ്ശേരി നഗരസഭയിലെ 13 ാം വാർഡ് പുനഃ ക്രമീകരണം സംബന്ധിച്ച്.
3. L-5785/05 – തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കെതിരെയുള്ള നടപടി സംബന്ധിച്ച്.

കുടുംബശ്രീ മിഷനിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീർപ്പാക്കാത്ത ഫയലുകളുടെ വിവരം

1. L-10648/05 – മുനിസിപ്പാലിറ്റി ആക്ട് സെക്ഷനിൽ 22(1F) നടപ്പാക്കുന്നതിൽ അപാകത സംബന്ധിച്ച്.